പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 83 08.01.2014 ലെ മറുപടിയ്ക്ക്

## ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നടത്തിപ്പ്

ചോദ്യം

ഡോ.ടി.എം.തോമസ് ഐസക്
ശ്രീ. കോലിയക്കോട് എൻ കൃഷ്ണൻ നായർ
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.പി.റ്റി.എ.റഹീം

ഉത്തരം

ശ്രീ. എ.പി.അനിൽ കുമാർ
ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി

എ) ഏഴാമത് ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിനായി എന്തൊക്കെ ഒരുക്കങ്ങളാണ് ചെയ്തിരിക്കുന്നതെന്നറിയിക്കാമോ ; ഫെസ്റ്റിവലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിക്കാൻ കാരണമെന്താണ്;

എ) ഏഴാമത് ഗ്രാൻഡ് കേരളാ ഷോപ്പിംഗ് ഫെസ്റ്റിവലിനായി വിപുലമായ ഒരുക്കങ്ങളാണ് ചെയ്തിരിക്കുന്നത്. ഫെസ്റ്റിവലിന്റെ ഏഴാമത് സീസൺ 2013 ഡിസംബർ 22 ന് ആരംഭിച്ചു. 2014 ഫെബ്രുവരി 5 ന് അവസാനിക്കും. ഏകദേശം ഒരു ലക്ഷത്തോളം വ്യാപാര സ്ഥാപനങ്ങൾ ഈ സീസണിൽ രജിസ്റ്റർ ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്ഥമായി സമ്മാനഘടനയിൽ കൂടുതൽ ഉപഭോക്താക്കൾക്ക് സമ്മാനങ്ങൾ ലഭിക്കത്തക്ക രീതിയിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ആഴ്ചതോറുമുള്ള 84 നറുക്കെടുപ്പുകൾ ആഴ്ചയിൽ ഒന്ന് വീതം എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നു. ഈ നറുക്കെടുപ്പുകളിൽ സ്വർണ്ണനാണയങ്ങൾ സമ്മാനമായി നൽകും. ആദ്യ നറുക്കെടുപ്പ് 31.12.2013 ന് എല്ലാ ജില്ലകളിലും സംഘടിപ്പിച്ചു. 1 ഗ്രാം, 2 ഗ്രാം, 4 ഗ്രാം, 8 ഗ്രാം സ്വർണ്ണനാണയങ്ങൾ ആഴ്ചതോറുമുള്ള നറുക്കെടുപ്പിലെ വിജയികൾക്ക് ഫെഡറൽബാങ്കിന്റെ നിശ്ചിത ശാഖകൾ വഴി നൽകും. ആകെ 3604 ഗ്രാം സ്വർണ്ണ സമ്മാനങ്ങൾ ഇപ്രകാരം നൽകും. എല്ലാ വിഭാഗം ഷോപ്പുകളുടെയും രജിസ്ട്രേഷൻ സൌജന്യമാക്കി. കൂപ്പണുകളുടെ വില 15 രൂപയിൽ നിന്നും 10 രൂപയായി കുറച്ചു. വാരാന്ത്യനറുക്കെടുപ്പുകളുടെ എണ്ണം 6 ൽ നിന്ന് 84 ആക്കി ഉയർത്തി. വാരാന്ത്യ നറുക്കെടുപ്പിൽ 1 ഗ്രാം, 2 ഗ്രാം, 4 ഗ്രാം, 8 ഗ്രാം സ്വർണ്ണനാണയങ്ങൾ ഉൾപ്പെടുത്തി. മെഗാ നറുക്കെടുപ്പിൽ ക്യാഷ് പ്രൈസുകളാണ് നൽകുന്നത്.

| | | |
|---|---|---|
| ഒരു കോടി | ഒരാൾക്ക് | ഒന്നാം സമ്മാനം |
| 10 ലക്ഷം വീതം | 15 ആൾക്ക് | രണ്ടാം സമ്മാനം |
| 5 ലക്ഷം വീതം | 20 ആൾക്ക് | മൂന്നാം സമ്മാനം |
| 1 ലക്ഷം വീതം | 50 ആൾക്ക് | നാലാം സമ്മാനം |

പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി കേരളത്തിലെ പ്രിന്റ് മീഡിയകളിലും വിഷ്വൽ മീഡിയകളിലും എഫ്. എം. റേഡിയോയിലും ജി.കെ.എസ്.എഫിന്റെ പ്രചാരണ പരസ്യങ്ങൾ നൽകുന്നുണ്ട്. കേരളത്തിലെ ദേശീയ

പാതയുടെ വഴിയോരത്തും പ്രധാന കേന്ദ്രങ്ങളിലും ജി.കെ.എസ്.എഫ് ഹോർഡിങ്ങുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. വ്യാപാര സമൂഹത്തിന്റെയും ഉപഭോക്താക്കളുടെയും സൌകര്യത്തിനായി ജി.കെ.എസ്.എഫ് ഡയറക്ടറുടെ ഓഫീസിൽ കാൾ സെന്റർ പ്രവർത്തിക്കുന്നുണ്ട് കാൾ സെന്റർ നമ്പർ 0471-2316777 ആണ്. അന്തർ ദേശീയ നിലവാരമുള്ള ഒരു വ്യാപാര കേന്ദ്രമാക്കി കേരളത്തിനെ മാറ്റുന്നതിനും ഓണം കഴിഞ്ഞാൽ രണ്ടാമതൊരു ഷോപ്പിംഗ് സീസൺ കേരളത്തിൽ പ്രാവർത്തികമാക്കുന്നതിനുമാണ് ജി.കെ.എസ്.എഫ് ലക്ഷ്യമിടുന്നത്. ഈ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വ്യതിചലിച്ചിട്ടില്ല.

ബി) ഫെസ്റ്റിവൽ നടത്തിപ്പിനായി ഏതെങ്കിലും സംഘടനയുമായി കരാറിലേർപ്പെട്ടിരുന്നോ ; കരാറിന്റെ വിശദാംശം അറിയിക്കാമോ ; മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി രജിസ്ട്രേഷൻ ഒരു സ്വകാര്യ സംഘടനയെ ഏൽപ്പിച്ചത് എന്തിനുവേണ്ടിയായിരുന്നു എന്ന് വ്യക്തമാക്കാമോ ;

ബി) ഫെസ്റ്റിവൽ നടത്തിപ്പിൽ ലോജിസ്റ്റിക്സ് പാർട്ട്ണറുടെ ജോലികൾ ചെയ്യുന്നതിന് കേരള വ്യാപാരിവ്യവസായി ഏകോപനസമിതിയുമായി ജി.കെ.എസ്.എഫ് കരാറിൽ ഏർപ്പെട്ടു. കരാറിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

2013 ഡിസംബർ 18 ന് ഒപ്പുവച്ച കരാറനുസരിച്ച് ജി.കെ.എസ്.എഫ്. ഡയറക്ടർ ഒന്നാം കക്ഷിയും കേരള വ്യാപാരിവ്യവസായി ഏകോപനസമിതി സംസ്ഥാന ജനറൽ സെക്രട്ടറി ശ്രീ.ജോബി വി.ചുങ്കത്ത് രണ്ടാം കക്ഷിയുമാണ്.

2013-14 ലെ ജി.കെ.എസ്.എഫ് സീസൺ 7 ൽ ഷോപ്പുകളുടെ രജിസ്ട്രേഷൻ നിർവഹിക്കേണ്ടത് രണ്ടാം കക്ഷിയാണ്. രജിസ്ട്രേഷൻ ഫീസ് ഈടാക്കാൻ പാടില്ല. കുറഞ്ഞത് ഒരു ലക്ഷം ഷോപ്പുകളെ ജി.കെ.എസ്.എഫിൽ രജിസ്റ്റർ ചെയ്യണം. മദ്യഷോപ്പുകൾ ഒഴികെയുള്ള എല്ലാ കാറ്റഗറിയിലും പെടുന്ന ഷോപ്പുകളെ രജിസ്റ്റർ ചെയ്യണം.

രജിസ്ട്രേഷൻ ആവശ്യപ്പെടുന്ന ഏത് വ്യാപാര സ്ഥാപനത്തിനും ഫോറം നൽകാനും ആവശ്യാനുസരണം കൂപ്പൺ നൽകാനും രണ്ടാം കക്ഷി ബാധ്യസ്ഥനാണ്. ഇതിന്റെ ട്രാൻസ്പോർട്ടേഷൻ ചെലവ് ലോജിസ്റ്റിക്സ് പാർട്ട്ണർ വഹിക്കണം. കടകൾക്ക് ആവശ്യമുള്ള കൂപ്പണുകൾ ഉടൻ തന്നെ ലഭ്യമാക്കാനുള്ള സൌകര്യം ഏർപ്പെടുത്തേണ്ടതാണ്. കൂപ്പണിന്റെ ലഭ്യത കുറവ് വ്യാപാരസ്ഥാപനങ്ങളിൽ ഉണ്ടാകാതിരിക്കാൻ രണ്ടാം കക്ഷി ബാധ്യസ്ഥനായിരിക്കും. രണ്ടാം കക്ഷിക്ക് ലോജിസ്റ്റിക്സ് പാർട്ണർ എന്ന സ്ഥാനം നൽകി പരസ്യങ്ങളിൽ ലോഗോ ഉൾപ്പെടുത്താൻ ഒന്നാം കക്ഷി ബാധ്യസ്ഥനാണ്.

കരാറനുസരിച്ച് താൽപര്യ പത്രത്തിൽ പറഞ്ഞിരിക്കുന്ന പ്രകാരം കൂപ്പണിന്റെ സർഗാത്മകതയും മാതൃകയും തീരുമാനിച്ചു നൽകുന്നതും കൂപ്പൺ പ്രിന്റ് ചെയ്ത് നൽകുന്നതും ഒന്നാം കക്ഷിയായിരിക്കും. എന്നാൽ കൂപ്പൺ

പ്രിന്റ് ചെയ്യുന്നതിന്റെ ചെലവ് രണ്ടാം കക്ഷി വഹിക്കേണ്ടതാണ്. കൂപ്പണുകൾക്ക് ക്രമനമ്പർ ഉണ്ടായിരിക്കും. ജി.കെ.എസ്.എഫിൽ രജിസ്റ്റർ ചെയ്ത ഷോപ്പുകൾക്ക് കൂപ്പൺ വിതരണം ചെയ്യേണ്ടത് രണ്ടാം കക്ഷിയാണ്. കൂപ്പണുകൾ രണ്ടാം കക്ഷി ഫെഡറൽ ബാങ്കിന്റെ നിശ്ചിത ബ്രാഞ്ചുകളിൽ നിന്ന് വാങ്ങി ജി.കെ.എസ്.എഫിൽ രജിസ്റ്റർ ചെയ്യപ്പെട്ട കടകളിൽ വിതരണം ചെയ്യേണ്ടതാണ്. രണ്ടാം കക്ഷി താൽപര്യപത്രത്തിൽ പറഞ്ഞിരിക്കുന്ന എണ്ണം കൂപ്പണുകൾക്ക് ആകെ തുകയായ 13.50 കോടി രൂപ ജി.കെ.എസ്.എഫിന് നൽകേണ്ടതാണ്.

ലോജിസ്റ്റിക്സ് പ്രവർത്തിയുമായി ബന്ധപ്പെട്ട എല്ലാ വ്യവഹാരങ്ങളും തിരുവനന്തപുരം ജില്ലാ കോടതിയുടെ അധികാര പരിധിയിൽ മാത്രമേ നടത്തുകയുള്ളൂ.

കേരളത്തിലെ ചെറുതും വലുതുമായ വ്യാപാര സ്ഥാപനങ്ങളെ ജി.കെ.എസ്.എഫ് സീസൺ ഏഴിൽ കൂടുതലായി രജിസ്റ്റർ ചെയ്യിക്കുന്നതിനായിട്ടാണ് വ്യാപാരി വ്യവസായികളുടെ സംഘടനകളിൽ നിന്ന് താൽപര്യപത്രം ക്ഷണിച്ചത്. സർക്കാരിന് ഗുണകരമായ താൽപര്യപത്രം സമർപ്പിച്ച സംഘടനയെ ലോജിസ്റ്റിക്സ് ഏജൻസിയുടെ ജോലികൾ ഏൽപ്പിക്കുകയും ചെയ്തു. ധാരണാ പത്രം അനുസരിച്ച് രജിസ്ട്രേഷൻ ആവശ്യപ്പെട്ട ഏത് വ്യാപാരസ്ഥാപനത്തിനും ഫോറം നൽകാനും ആവശ്യാനുസരണം കൂപ്പൺ നൽകാനും ഈ സംഘടന ബാധ്യസ്ഥമാണ്.

സി) ഈ സംഘടനയുമായി ഒപ്പവച്ച ധാരണാപത്രം ഹൈക്കോടതി റദ്ദാക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ :

സി) മേല്പറഞ്ഞ ധാരണാപത്രം ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിട്ടില്ല. എന്നാൽ 18.10.2013 ൽ ടി സംഘടനയുമായി ഒപ്പ് വെച്ച ധാരണാപത്രമാണ് ബഹു. ഹൈക്കോടതി റദ്ദ് ചെയ്തത്. വ്യാപാരി വ്യവസായി ഏകോപന സമിതിയെ ലോജിസ്റ്റിക്സ് ജോലികൾ ഏൽപിച്ച നടപടിയെ ചില സംഘടനകൾ എതിർത്തത് ചൂണ്ടിക്കാണിച്ചാണ് ബഹു. കേരളാ ഹൈക്കോടതി പ്രസ്തുത ധാരണാപത്രം റദ്ദാക്കിയത്.

ഡി) ഏകപക്ഷീയമായ ധാരണാപത്രത്തിന് പിന്നിൽ അഴിമതി ഉണ്ടെന്ന ആരോപണം പരിശോധിച്ചിരുന്നോ ; വിശദാംശം അറിയിക്കാമോ?

ഡി) കേരളത്തിലെ വിവിധ വ്യാപാരി വ്യവസായി സംഘടനകളിൽ നിന്ന് സുതാര്യമായ നടപടികളിലൂടെ താൽപര്യപത്രം ക്ഷണിച്ചതിനു ശേഷമാണ് ധാരണാപത്രം ഒപ്പ് വച്ചത്. അതിനാൽ തന്നെ ഇതിൽ അഴിമതിയില്ല എന്ന് വ്യക്തമാണ്.

സെക്ഷൻ ഓഫീസർ